# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE : 24/08/2023** |
| **Class Note** | **Lesson: തേജസ്വിയായ വാഗ്മി -1** | **Topic: Descriptive** |

## തേജസ്വിയായ വാഗ്മി

1. ***സ്വാമി വിവേകാനന്ദന്റെ കുടുംബപശ്ചാത്തലം വിവരിക്കുക***

കൊൽക്കത്തയിലെ സിംലയിൽ താമസമാക്കിയവരായിരുന്നു കായസ്ഥ വർഗ്ഗത്തിൽപ്പെട്ട 'ദത്ത' കുടുംബക്കാർ. അവരിൽ പ്രശസ്തനായിരുന്ന രാംമോഹനദത്തന് ദുർഗ്ഗാപ്രസാദ് ദത്തൻ, കാളീപ്രസാദ് ദത്തൻ എന്നിങ്ങനെ രണ്ടു പുത്രന്മാർ ജനിച്ചു. നിയമപണ്ഡിതനായിരുന്ന ദുർഗ്ഗാപ്രസാദ് ശ്യാമസുന്ദരി എന്ന യുവതിയെ വിവാഹം ചെയ്തു. അവർക്ക് വിശ്വനാഥൻ എന്ന ഒരു കുട്ടി ജനിച്ചു. വിശ്വനാഥന് മൂന്നു വയസ്സുള്ളപ്പോൾ ദുർഗ്ഗാപ്രസാദ് സന്ന്യാസം സ്വീകരിച്ച് നാടും വീടും ഉപേക്ഷിച്ച് യാത്രയായി.

ശ്യാമസുന്ദരി വേദനകൾ ഉള്ളിലൊതുക്കി മകനെ കഷ്ടപ്പെട്ടു വളർത്തി. പഠനത്തിൽ സമർത്ഥനായിരുന്ന വിശ്വനാഥൻ ഇംഗ്ലീഷിലും പേർഷ്യനിലും അഗാധപാണ്ഡിത്യം നേടി. നിയമജ്ഞനായ അദ്ദേഹം കൊൽക്കത്താ ഹൈക്കോടതിയിൽ അറ്റോർണിയായി ജോലി സമ്പാദിച്ചു. അദ്ദേഹം സുശീലയും കുലീനയുമായ ഭുവനേശ്വരി എന്ന യുവതിയെ ഭാര്യയായി സ്വീകരിച്ചു. കാശീവിശ്വനാഥന്റെ ഭക്തയായിരുന്ന ഭുവനേശ്വരി ഒരു ഉത്തമ ഗൃഹനാഥയായിരുന്നു. വർണ്ണവർഗ്ഗഭേദത്തെ നിഷേധിച്ച അവർ മാനവമൈത്രിയിൽ വിശ്വസിച്ചു.

2. ***സ്വാമി വിവേകാനന്ദന്റെ ജനനത്തെപ്പറ്റി ഒരു കുറിപ്പെഴുതുക***

കൊൽക്കത്തയിലെ 'ദത്ത' കുടുംബത്തിൽപ്പെട്ട വിശ്വനാഥ ഭുവനേശ്വരീ ദമ്പതികൾക്ക് യഥാകാലം നാലു പെൺകുട്ടികൾ ജനിച്ചു. ഓരോ പ്രസവം കഴിയുമ്പോഴും ഒരു പുത്രനു വേണ്ടി ഭുവനേശ്വരി ഉള്ളുരുകി പ്രാർത്ഥിച്ചു. കാശീവിശ്വനാഥൻ തീർച്ചയായും തന്റെ ആഗ്രഹം സാധിച്ചു തരുമെന്ന് അവർ വിശ്വസിച്ചു. അങ്ങനെ ഭുവനേശ്വരി വീണ്ടും ഗർഭിണിയായി. കാശീവിശ്വനാഥന്റെ അനുഗ്രഹത്താൽ ഇത്തവണ പുത്രൻ തന്നെയായിരിക്കുമെന്ന് അവർ ഉറച്ചു വിശ്വസിച്ചു.

1863 ജനുവരി 12 ജ്യോതിശാസ്ത്രത്തിൽ ഏറെ പ്രാധാന്യമുള്ള ദിവസമായിരുന്നു. മകരസംക്രമമായിരുന്നു അന്ന്. കൃഷ്ണസപ്തമി തിഥി. സൂര്യോദയത്തിന് അല്പം മുൻപ് ഭുവനേശ്വരി ഒരു ആൺകുഞ്ഞിനു ജന്മം നൽകി. മാനവമൈത്രിയുടെ നവോത്ഥാനത്തിനു വേണ്ടി രൂപമെടുത്ത അത്ഭുത താരം സ്വാമി വിവേകാനന്ദനായിരുന്നു ആ കുട്ടി.

3. *ബാല്യത്തിൽ ബിലേയ്ക്ക് സന്ന്യാസിമാരോടുണ്ടായിരുന്ന അടുപ്പത്തെക്കുറിക്കുന്ന ഒരു സംഭവം വിവരിക്കുക* **or**

*ബിലേയുടെ ദാനശീലം വ്യക്തമാക്കുന്ന ബാല്യത്തിലെ ഒരു സംഭവം എഴുതുക*

ബാല്യത്തിൽത്തന്നെ ബിലേയ്ക്കുണ്ടായിരുന്ന ................... ബിലേ കളിയിൽ മുഴുകി.

(Chapter 2, page 9, paragraph 3 & 4.)

4. 'ബാല്യത്തിൽത്തന്നെ ധ്യാനത്തിൽ ലയിച്ച് പരിസരം മറന്നിരിക്കുക ബിലേയുടെ രീതിയായിരുന്നു,' സമർത്ഥിക്കുക.

ഒരു ഹേമന്തകാലസായാഹ്നം. സൂര്യൻ മറയാൻ വെമ്പുന്നു. ............................................... ആ കുട്ടിയുടെ രീതിയായിരുന്നുവത്രെ. (Chapter 2, page 11, last 2 paragraphs)

5. *'എല്ലാവരെയും സമന്മാരായി കാണുന്നതിലായിരുന്നു നരേന്ദ്രനു താല്പര്യം. ജാതി, വർണം എന്നിവയിലൊന്നും നരേന്ദ്രൻ വിശ്വസിച്ചില്ല' ഈ പ്രസ്താവനക്ക് ആധാരമായ ഒരു സംഭവം  വിവരിക്കുക.*

എല്ലാവരെയും സമന്മാരായി  കാണുന്നതിലായിരുന്നു നരേന്ദ്രനു താല്പര്യം. ജാതി, വർണം എന്നിവയിലൊന്നും നരേന്ദ്രൻ  വിശ്വസിച്ചില്ല ................... അദ്ദേഹം പിന്നെയൊന്നും പറഞ്ഞതുമില്ല. (Chapter 3, page 13,   first 3 paragraphs)

6. *നരേന്ദ്രന്റെ കൂർമ്മബുദ്ധിക്ക് നിദാനമായ ഒരു സംഭവമെഴുതുക*

ഒരു ദിവസം.....................നന്നായി  പ്രശംസിക്കുകയും ചെയ്തു.

(Chapter 3, page 14 last paragraph to page 15 second paragraph)

7. *നരേന്ദ്രൻ അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടിരുന്നില്ല എന്നു തെളിയിക്കുന്ന ബാല്യത്തിലെ ഒരു സംഭവം  വിവരിക്കുക.*

അയൽപക്കത്ത്............................. അവർ കളി തുടരുക തന്നെ ചെയ്തു.

(Chapter 3, page 15 last paragraph to page 16 first paragraph.)

8. *'നിർഭയത്വം പോലെ തന്നെ വിപദിധൈര്യവും നരേന്ദ്രന്റെ കൂടപ്പിറപ്പായിരുന്നു.' വിശദീകരിക്കുക*

നിർഭയത്വം പോലെ തന്നെ വിപദിധൈര്യവും നരേന്ദ്രന്റെ കൂടപ്പിറപ്പായിരുന്നു ......................
ആ വാക്കുകൾ നരേന്ദ്രന്റെ മനസ്സിൽ മായാതെ പതിഞ്ഞു.

(Chapter 3, page 18,   last 3 paragraphs)

***